കശുവണ്ടിവികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവിടങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക

228 (573) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര രൂപ അനുവദിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ കാപ്പെക്സ് സ്വന്തം ഫണ്ടിൽനിന്നും 2011-ലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 90 ലക്ഷം രൂപയോളം ചെലവഴിച്ചു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28-3-2011-ലെ GO(Rt) No.509/2011/Lbr. നമ്പർ ഉത്തരവിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും മേലിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുവാൻ സർക്കാർ ഫണ്ട് അനുവദിക്കുകയില്ലെന്നും ആയത് സ്വന്തം ഫണ്ടിൽനിന്നും കണ്ടെത്തണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഗ്രാറ്റുവിറ്റി നൽകുവാനായി തുക അനുവദിച്ചിട്ടില്ല.

പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

229 (574) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണത്തിൽ ഹാന്റെക്സ് മറ്റ് സംസ്ഥാനങ്ങളിലെ കച്ചവടക്കാരിൽനിന്ന് തുണി എടുക്കുകയും കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങളിൽനിന്നും തുണി എടുക്കാതിരിക്കുകയും ചെയ്യുന്നത് മൂലം പ്രാഥമിക സംഘങ്ങൾ തകർച്ചയിലാവുന്ന സ്ഥിതിയുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥിതിക്ക് പുറമേ വൻതുക റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly